ഉത്തരം

പ്രതിവർഷം 1600 മെട്രിക് ടൺ എന്ന തോതിൽ അടുത്ത പഞ്ചവത്സര പദ്ധതിക്കാലത്തിലെ മൊത്തം ഉൽപ്പാദന ലക്ഷ്യം 8,000 മെട്രിക് ടൺ ആണ്. ഈ ലക്ഷ്യം നേടുവാൻ താഴെ കൊടുത്തിരിക്കുന്ന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

1. 1978-79 സാമ്പത്തിക വർഷം മുതൽ 1984-85 സാമ്പത്തിക വർഷം വരെ ഏഴു വർഷങ്ങളിലായി മൊത്തം 25,000 ഹെക്ടർ സ്ഥലത്ത് പുതുതായി കൊക്കോ കൃഷി വ്യാപിപ്പിക്കുക.

2. ഫാർസ്റ്റിനിയോ ഇനത്തിൽപ്പെട്ട കൊക്കോ തൈകൾ ഉൽപ്പാദിപ്പിച്ച് കൃഷിക്കാർക്ക് വിതരണം ചെയ്യുക.

3. കൊക്കോ കൃഷിയെ സംബന്ധിച്ചും കൊക്കോക്കുരു ശുദ്ധീകരിക്കുന്നതിനെ സംബന്ധിച്ചും ഉള്ള സാങ്കേതിക വിജ്ഞാനം കൃഷിക്കാർക്ക് നൽകുക.

4. കൊക്കോ വിപണന സംരംഭങ്ങൾ തുടങ്ങുക.

5. കൊക്കോ കൃഷിക്ക് വേണ്ടുന്ന ദീർഘകാല വായ്പ സാമ്പത്തിക സ്ഥാപനങ്ങൾ മുഖാന്തിരം ഏർപ്പാട് ചെയ്യുക.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തര സമയം കഴിഞ്ഞു.

II. അടിയന്തിര പ്രമേയം

കുമ്പഴ ബസ്സപകടം മൂലമുണ്ടായ ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച്

മി. സ്പീക്കർ: 37 പേർ മരണമടയുകയും 100-ൽപരം പേർക്ക് പരിക്കേൽക്കുകയും ചെയ്യാൻ ഇടയാക്കിയ കുമ്പഴ 9-30 A. M. ബസ്സപകടം മൂലം ഉണ്ടായ അത്യന്തം ഗുരുതരമായ സ്ഥിതി വിശേഷത്തെക്കുറിച്ച് ചർച്ചചെയ്യുന്നതിനായി ഇന്നത്തെ സഭാ നടപടികൾ നിറുത്തിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. പി. ജെ. തോമസ്, ശ്രീ. ടി. രാമകൃഷ്ണൻ എന്നിവർ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രിക്ക് അതേക്കുറിച്ച് പറയാനുള്ളത് പറയാം.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): സർ, 30-3-79 വെള്ളിയാഴ്ച രാവിലെ ഒൻപതര മണിയോടുകൂടിയാണ് പുതുക്കുളം ഓച്ചിറ വഴി ഓടിക്കൊണ്ടിരുന്ന കെ.എൽ.വി. 304-ാം നമ്പർ ബസ്സിനു അപകടം സംഭവിച്ചത്. പത്തനംതിട്ടയ്ക്ക് നാലു കിലോമീറ്റർ കിഴക്കുള്ള തളിയിക്കൽപടി എന്ന സ്ഥലത്തുവച്ച് രണ്ടു കിലോമീറ്റർ ഇറക്കമുള്ള ഒരു കൊടും വളവ് തിരിഞ്ഞ് വണ്ടി വരികയായിരുന്നു. വണ്ടി ഓടിക്കൊണ്ടിരിക്കുമ്പോൾ 90 ഡിഗ്രി കൊടുംവളവ് തിരിക്കുന്നതിന് ഡ്രൈവർക്ക് പറഞ്ഞുകൊടുത്തുകൊണ്ടോണ് തൊട്ടടുത്തുള്ള ഒന്നാം മീറ്റർ ആഴമുള്ള കുഴിയിലേക്ക് വണ്ടി ചാടിയത്. നേരെ എതിരെയുള്ള കട്ടിംഗിൽ ഇടിച്ച് ബസ് ലാന്റ് ചെയ്തു. 27 പേർ സ്ഥലത്തുവച്ചു മരിക്കുകയും 115 ആളുകൾക്ക് കഠിനമായ പരിക്കേൽക്കുകയും ചെയ്തു. പരിക്കേറ്റവരെ

LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട, കോഴഞ്ചേരി എന്നീ ആശുപത്രികളിലും കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്കും മാറ്റി. പിന്നീടാണ് 10 പേർ കൂടി മരിയ്ക്കണ്ടതത്. ശേഷിച്ച ആശുപത്രിയിൽ കിടക്കുന്ന ചില രോഗികളുടെ സ്ഥിതി ഗുരുതരമാണ്. ഈ സർവ്വീസ് വണ്ടി സാധാരണ ഈ റൂട്ടിൽകൂടി ഓടിക്കൊണ്ടിരിക്കുന്നതാണ്. 1976 മോഡലായ ഈ വണ്ടിക്ക് മറ്റുള്ള തകരാറുകളൊന്നുമില്ല. പക്ഷേ സാധാരണയിൽകവിഞ്ഞ ആളുകളെ കയറ്റി ഓവർ ലോഡിംഗ് ഉണ്ടായിരുന്നതുകൊണ്ടും പ്രസ്തുത ഭാഗത്തു എത്തിയപ്പോൾ ഡ്രൈവറുടെ അശ്രദ്ധകാരണം വണ്ടി പെട്ടെന്ന് വലുവിൽ തിരിക്കാൻ കഴിയാത്തതുകൊണ്ടുമാണ് ഈ അപകടം സംഭവിച്ചതെന്നാണ് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ സ്ഥലത്തുപോയി അന്വേഷിച്ചപ്പോൾ വിവരം ബോദ്ധ്യമായിട്ടുള്ളത്. പരിക്കേറ്റവരുടെ നില ഗുരുതരമാണ്. മരിക്കാത്തവരിൽ ആശുപത്രിയിൽ കിടക്കുന്നവരിൽ പലരും ഒരുപക്ഷേ രക്ഷപ്പെട്ടാലും വളരെ കഷ്ടപ്പെട്ട് ഭാവിയിൽ ജീവിക്കത്തക്കരീതിയിൽ ശരീരം ആകപ്പാടെ തകർന്നുപോയിട്ടുണ്ട്. മന്ത്രിമാരിൽ പല ആളുകളും മറ്റു പല ആളുകളും ആശുപത്രികളിലും സംഭവസ്ഥലത്തും എല്ലാം ചെന്നു ഇതെല്ലാം നോക്കിക്കണ്ടു മനസ്സിലാക്കിയിട്ടുള്ളതാണ്. വെള്ളിയാഴ്ചയും ശനിയാഴ്ചയും ഞായറാഴ്ചയും മെഡിക്കൽകോളേജാശുപത്രിയിൽ കിടക്കുന്ന പരിക്കേറ്റവരെയെല്ലാം ഞാൻ നേരിട്ടുപോയി കണ്ടു. അവിടെ അവർക്കു വേണ്ട ശുശ്രൂഷ ഡോക്ടർമാർ മാപകലില്ലാതെ നൽകുന്നുണ്ട്. ധാരാളം ഡോക്ടർമാരും നേഴ്സുമാരുമെല്ലാം ഇവർക്ക് ചികിൽസിക്കാൻവേണ്ടി പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. എങ്കിലും കൂടുതൽ സൗകര്യം ഇനിയും വേണമെന്നുള്ള അഭിപ്രായം അവർക്കുണ്ട്. ഇനിയും മൂന്നു നാലു രോഗികളുടെ നില വളരെ ഗുരുതരമായി തുടരുകയാണ്. ഇങ്ങനെയൊരു സംഭവമുണ്ടായതിൽ ഗവൺമെൻറിനും മാറ്റു എല്ലാവർക്കും അത്യഗാധമായ ഖേദമുണ്ട്. ഓവർലോഡിംഗ് മൂലമാണ് ഈ സംഭവം ഉണ്ടായതെന്നുള്ളത് തർക്കമറ്റ വസ്തുതയാണ്. അന്ന് 175 യാത്രക്കാർ ബസ്സിൽ ഉണ്ടായിരുന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഒന്നു രണ്ടു ബസ്സുകൾ ആ സമയത്ത് ഓടേണ്ടതേ ഇല്ലാതിരുന്നതുകൊണ്ട് ആളുകളെല്ലാം ഈ ബസ്സിൽ കയറി എന്നാണ് പറയപ്പെടുന്നത്. ഏതായാലും ഇത്രയും ആളുകളെക്കൊണ്ട് ഒരു ബസ്സിൽ യാത്ര ചെയ്യുന്നതു ശരിയല്ല. അതുകൊണ്ട് സംഭവിച്ചതാണ്. ഡ്രൈവറുടെ ഭാഗത്തുള്ള അശ്രദ്ധയുമുണ്ട്. ഇതെല്ലാം അന്വേഷണത്തിന്റെ ഫലമായി വന്ന വസ്തുതകളാണ്. കൂടുതൽ അന്വേഷണത്തിനുവേണ്ടി റവന്യൂബോർഡ് മെമ്പർ ശ്രീ. ശങ്കരനാരായണനെ അന്വേഷണ കമ്മീഷണറായി നിയമിച്ചിട്ടുണ്ട്. മരിച്ചവരുടെ ബന്ധുക്കൾക്ക് രണ്ടായിരം രൂപ വീതവും പരിക്കേറ്റവർക്ക് 500 രൂപ വീതവും കൊടുക്കാൻ അന്നുതന്നെ അടിയന്തിരമായി മന്ത്രിസഭകൂടി തീരുമാനം എടുത്തുകഴിഞ്ഞു. അതുകൊണ്ട് ശാശ്വതമായ ഒരു പരിഹാരം ഉണ്ടാക്കിക്കൊടുത്തു അല്ലെങ്കിൽ അവർക്ക് വേണ്ടത്ര സഹായം എത്തിച്ചുകൊടുത്തു എന്നു കരുതുന്നില്ല. പല വീടുകളിലെയും സ്ഥിതി വളരെ ദുഃഖകരമാണ്. പുരുഷൻമാരായ പ്രായമുള്ള രണ്ടുമൂന്നു ആളുകളും മരിച്ച വീടുകളും ഉണ്ടെന്നാണ് പറയുന്നത്. കൊച്ചുകുട്ടികളും മാത്രം അവശേഷിച്ച് ബാക്കിയുള്ളവർ മരിച്ചു എന്നു പറയുന്നു. വിശദമായ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. നിർഭാഗ്യകരമായ ഈ സംഭവത്തിൽ എല്ലാവരും അതികഠിനമായി ദുഃഖിക്കുകയാണ്. ഇതുപോലെ കുറ്റം ആവർത്തിക്കാതിരിക്കാൻവേണ്ടി അപകടങ്ങളും ആവർത്തിക്കാതിരിക്കാൻവേണ്ടി എന്തു ചെയ്യണമെന്നുള്ളതിനെപ്പറ്റി വളരെ വേഗത്തിൽ ആലോചിക്കുന്നുണ്ട്. ആലോചിച്ച് കണിശമായും കർശനമായ നിർദ്ദേശം കൊടുക്കാം. പക്ഷേ ഈ പ്രത്യേകമായ സമയത്ത്, 9 മണി.

LIBRARY ARCHIVES Kerala Legislative Assembly

ആ സമയത്താണ് ഈ സംഭവം ഉണ്ടായത്. ഈ ഒൻപതുമണി സമയം നമ്മുടെ കേരളത്തിലാകമാനം യാത്രക്കാർക്ക് വളരെയേറെ ബുദ്ധിമുട്ടുള്ള സമയമാണ്. പീക്ക് അവർ ജേർണിക്ക് എല്ലാ ആളുകളേയും ഇരുത്തി സഞ്ചരിക്കത്തക്കരീതിയിൽ ബസ്സുകളുടെ എണ്ണം വേണമെങ്കിൽ ഇന്നത്തേക്കാൾ നാലിരട്ടി വേണ്ടിവരും. ഈ ദുഃസ്ഥിതി എങ്ങനെ മാറ്റാൻകഴിയുമെന്നുള്ളത് ചിന്തിക്കാം. എങ്കിലും കൂടിക്കൂടി വരുന്ന ഈ റോഡപകടങ്ങളും നിറുത്താൻ എന്തെല്ലാം രീതി സ്വീകരിക്കണം. ആ രീതിയെപ്പറ്റി ഗവൺമെന്റ് ആലോചിക്കാം. ഈ അന്വേഷണ കമ്മിഷനോട് റിപ്പോർട്ട് വേഗം എത്തിച്ചു തരാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇത്രയും കാര്യങ്ങളും വളരെ വേഗത്തിൽ ഗവൺമെന്റ് ചെയ്തു. ഗവൺമെന്റിന് ഈ അത്യാഹിതത്തിലുള്ള ഖേദം ബന്ധപ്പെട്ട എല്ലാവരേയും അറിയിച്ചിട്ടുണ്ട്. കൂടുതൽ കാര്യമായി എടുക്കേണ്ട നടപടികളെപ്പറ്റി ഗവൺമെന്റ് അന്വേഷിച്ചുകൊണ്ടിരിക്കുന്നു. രോഗികളുടെ സ്ഥിതിയെ സംബന്ധിച്ചിടത്തോളം എല്ലാപേരേയും അന്വേഷിക്കാൻ വേണ്ടത്ര സജ്ജീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ കാര്യങ്ങളം ബഹുമാനപ്പെട്ട മെമ്പർമാരുടേയും സഭയുടേയും അറിവിനുവേണ്ടി ഞാൻ വിവരിക്കുകയാണ് അതുകൊണ്ടു വേണ്ടത്ര കാര്യങ്ങളം ഗവൺമെന്റ് ചെയ്യാം. ഇനിയും ചെയ്യാനുള്ളതും ചെയ്യും എന്നുള്ള വിശ്വാസത്തിൽ ഈ അടിയന്തിര പ്രമേയത്തിനു ആ രീതിയിലുള്ള ഒരു ചർച്ചയുടെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പി. ജെ തോമസ്: സർ, രക്തം തളംകെട്ടി നിൽക്കുന്ന ഒരു പ്രദേശത്തു നിന്നാണ് ഞാൻ വരുന്നത്. എവിടേയും കണ്ണുനീരും നിലവിളിയും കരച്ചിലും മാത്രമേ കേൾക്കാനുള്ളു. അച്ഛനമ്മമാർ നഷ്ടപ്പെട്ടുപോയ കുഞ്ഞുങ്ങളം, അവിടെ നാഥനില്ലാതെ നിലവിളിച്ചുകൊണ്ട് ഓടിനടക്കുന്നു, ഭർത്താവ് മരിച്ചത് അറിയാതെ ആശുപത്രിയിൽ കഴിയുന്ന ഭാര്യമാർ., ഭാര്യ മരിച്ചത് അറിയാതെ കഴിയുന്ന ഭർത്താക്കൻമാർ, കുഞ്ഞുങ്ങളം മരിച്ചത് അറിയാതെ കഴിയുന്ന അമ്മമാർ, അമ്മമാർ മരിച്ചത് അറിയാതെ കഴിയുന്ന കുഞ്ഞുങ്ങളം ഇങ്ങനെ പോകുന്നു സാർ ആ കൊച്ചു ഗ്രാമത്തിന്റെ ദുരന്തത്തിന്റെ നീണ്ടകഥ. ഏതാണ്ട് പത്തുവീടിനു ഒരാളവച്ച് മരിക്കുകയോ മാരകമായ പരിക്കേൽക്കുകയോ ചെയ്തിട്ടുണ്ട്. ഇത് സംഭവിച്ചത് 1979- മാർച്ച് മാസം 30-ാം തീയതി രാവിലെ ഒൻപതര മണിയോടെയാണ്. കോമോസ് എന്നു പറയുന്ന ബസ് രാവിലെ ഒൻപതര മണിയോടുകൂടി, ഏതാണ്ട് 40 ഓളം സീറ്റിംഗ് കപ്പാസിറ്റിയുള്ള ബസ്, അതിൽ 200-ൽ പരം യാത്രക്കാരെ കയറ്റിക്കൊണ്ട് മലയാലപ്പുഴയിൽനിന്നും പുറപ്പെട്ടു. മൂന്നു കിലോ മീറ്റർ കുത്തനെയുള്ള ഇറക്കമാണ് ആ ഇറക്കത്തിന് സാമന്യം സ്പീഡിൽതന്നെയാണ് ഈ വണ്ടി വന്നത്. സാധാരണ കണക്കനുസരിച്ച് ഒരാക്ക് 50 കിലോഗ്രാം വെയിറ്റ് കണക്കാക്കുകയാണെങ്കിൽ ആ വണ്ടിക്കകത്ത് ആകെയുള്ള വെയിറ്റ് പത്തു മെട്രിക് ടണ്ണിൽ കൂടും. വണ്ടിയുടെ വെയിറ്റ് 5 ടൺ കണക്കാക്കുകയാണെങ്കിൽ 15 ടൺ വെയിറ്റും ഈ ഓവർ സ്പീഡും ഗ്രാവിറ്റേഷൻ ഫോഴ്സ് ആക്ട് ചെയ്യുന്ന അഡീഷണൽ ഫോഴ്സും കൂടി കൂട്ടുമ്പോൾ ബ്രേക്കിനു സാധാരണതന്നെ കേടുവരും അതിനുതക്കത്തക്കയാത്ര കപ്പാസിറ്റി ആ ബ്രേക്കിനില്ല. ഇങ്ങനെ ഓവർ സ്പീഡും കുത്തനെയുള്ള ഇറക്കവും കൊണ്ടാണ് ഇതു സംഭവിച്ചത്. ഒരു കിലോ മീറ്ററിനു താഴെ നിയന്ത്രണമില്ലാതെ ഓടി താഴെയുള്ള കട്ടിംഗ് ലേക്കു ചാടുകയാണുണ്ടായത്. സർ, സാധാരണ കണക്കനുസരിച്ചു അന്നേരമുണ്ടാകുന്ന മൊമെന്റം എന്നു പറയുന്നത് ഏതാണ്ട് 75 ടണ്ണിൽ കൂടുതലായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ആ ചാട്ടത്തിൽതന്നെ അതിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നിരുന്ന പല ആളുകളും മേൽപ്പോട്ടു ചാടി ടാപ്പിൽ ഇടിച്ച് 27 പേർ നിന്നു മരിച്ചു. ബാക്കിയുള്ള ആളുകളും ഈ വണ്ടിവന്നു കുത്തനെ ഇടിച്ചതുകാരണം സീറ്റിന്റെ അടിയിൽപെട്ട് ഞെരുങ്ങി കയ്യും കാലും ഒടിഞ്ഞുവീണു. മൂന്നു നാലു ഫ്രാക്ചർ ഓരോ ആളിനുമുണ്ട്. 120-ൽപരം ആളുകളും പത്തനംതിട്ട ആശുപത്രിയിലും കോട്ടയവും മെഡിക്കൽ കോളേജാശുപത്രിയിലുമായി കിടക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം സ്ഥിതി ഭയാനകമാണ്, ദുരന്തമാണ് ഇങ്ങനെ പോകുന്നു അവിടത്തെ കഥ. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോൾ വളരെ മൈൽഡ് ആയി സംസാരിച്ചു. കൊടുംവളവായതുകൊണ്ട് എടുക്കാൻ വയ്യാതെപോയി എന്ന്. അശ്രദ്ധ കൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് 40 പേരെ കയറ്റാവുന്ന വാഹനത്തിൽ 200-ൽ ചിലപ്പോൾ ആളുകളെ കയറ്റി ഓവർ ലോഡിംഗും സ്പീഡുമാണ് ഇതിന് കാരണമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇത് ഗവൺമെന്റ് വളരെ കർശനമായി തടയേണ്ടതാണ് മുൻപ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ ഒരു പ്രഖ്യാപനം നടത്തി, ആ പ്രഖ്യാപനത്തിന്റെ പേരിൽ എന്തു സംഭവിച്ചു എന്നറിയാൻ ഈ രാജ്യത്തിലെ ജനങ്ങൾക്കവകാശമുണ്ട്. നിങ്ങൾ കൊടുത്ത 2000 രൂപ ഒരു മനുഷ്യനു കൊടുക്കുന്ന ജീവന്റെ വിലയാണോ? പെർമനന്റായി ഫ്രാക്ചർ ഉണ്ടാകാൻ പോകുന്ന ആളുകളെ സംബന്ധിച്ചിടത്തോളം 500 രൂപ തുച്ഛമാണ്. തുച്ഛമായ ഈ തുകകൊണ്ട് എങ്ങനെ ജീവിക്കാൻ സാധിക്കും? പലരും പെർമനന്റായി ഡിസേബിൾഡ് ആകാൻ പോകുകയാണ്. അതുകൊണ്ട് ഗവൺമെന്റ് നിശ്ചയമായും തുക വർദ്ധിപ്പിക്കണം. ഇതേപ്പറ്റി ചർച്ച ചെയ്യേണ്ടതാണ്. പത്തനംതിട്ട ആശുപത്രിയിലെ സ്ഥിതി വളരെ ദയനീയമാണ്. അവിടെ എക്സ്റേയില്ല. ആറു മാസമായി എക്സ്റേ വർക്കുചെയ്യുന്നില്ല. പല പ്രാവശ്യം ഇതേപ്പറ്റി നിവേദനം നടത്തിയിട്ട് പോലും യാതൊന്നും ഗവൺമെന്റ് ചെയ്തിട്ടില്ലെന്നുള്ളതാണ് വസ്തുത. സർ, ഈ സാഹചര്യത്തിൽ അനുദിനമെന്നോണം ബസ്സപകടങ്ങൾ ഉണ്ടാകുകയും ആളുകൾ മരിക്കുകയും ചെയ്യുന്നതുകൊണ്ട് ഇതിനൊരു പരിഹാരം കണ്ടുപിടിക്കുന്നതിന് സഭാ നടപടികൾ നിറുത്തിവച്ച് ഇതേപ്പറ്റി ചർച്ച ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. ആ കൊച്ചു ഗ്രാമത്തിന്റെ ദയനീയമായ കഥ ഇനി ഞാൻ ഇവിടെ വിവരിക്കേണ്ട ആവശ്യമില്ല. അവർക്കാവശ്യമായ എല്ലാ സഹായങ്ങളും എത്തിച്ചുകൊടുക്കാനുള്ള ബാദ്ധ്യത ഈ ഗവൺമെന്റിനുണ്ട്. പ്രത്യേകിച്ചു ഭരണകക്ഷിയിൽപ്പെട്ട ഒരു ഘടകകക്ഷിയായ ആർ. എസ്. പി. യുടെ നിയന്ത്രണത്തിലുള്ള ബസ് സർവ്വീസായതുകൊണ്ട് ഓവർ സ്പീഡൊന്നും ബാധകമല്ല എന്നുള്ള രീതിയിലാണ് അവർ പോകുന്നതു എന്നാണ് അവിടത്തെ ജനസംസാരം. ഇത് ദൂഷണമല്ല. ഈ രാജ്യത്ത് നിയമങ്ങൾ പാലിക്കേണ്ടത് എല്ലാവരുടേയും കടമയാണ്. ഇത് നിയന്ത്രിക്കേണ്ടത് ഗവൺമെന്റിന്റെ കർത്തവ്യമാണ്. ആ നിലക്ക് സഭാ നടപടികൾ നിറുത്തിവച്ച് ഇതേപ്പറ്റി ചർച്ച ചെയ്യണമെന്ന് ഗവൺമെന്റിനോട് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഇതിൽ ഭരണകക്ഷി പ്രതിപക്ഷ പ്രശ്നമൊന്നുമില്ല. അതുകൊണ്ട് ഈ കാര്യത്തെപ്പറ്റി ചർച്ച ചെയ്യാനുള്ള അവസരം കൊടുക്കണമെന്നാണ് എനിക്കു പറയാനുള്ളത്, ഞാൻ ഇന്നലെ ആശുപത്രിയിലും പോയി സ്ഥലത്തും പോയി. മരിച്ച ആളുകളുടെ ഒന്നുരണ്ടു വീടുകളൊഴിച്ചുള്ള എല്ലാ വീടുകളിലും പോയി. അവിടെ നടന്ന രണ്ടു യോഗങ്ങളിൽ സംബന്ധിച്ചു. വിവിധ കക്ഷികളിൽപ്പെട്ട ആളുകൾ സർക്കാരിന്റെ മുമ്പിൽ വയ്ക്കണമെന്നു പറഞ്ഞ് ചില നിർദ്ദേശങ്ങളും ആ യോഗങ്ങളിൽ ഉന്നയിക്കുകയുണ്ടായി. ഇത് സാധാരണ

LIBRARY ARCHIVES Kerala Legislative Assembly

ഗതിയിൽ നിത്യേന സംഭവിക്കുന്ന ഒരു അപകടമെന്നുള്ള രീതിയിലുള്ള അപകടമല്ല കരടിപ്പാറ ബസ്സപകട സ്ഥലത്തും ഞാൻ പോയിരുന്നു. അവിടെ 29 പേർ മരിച്ചു. അതിൽ വളരെ ആഴത്തിൽ മറിഞ്ഞതിന്റെ ഫലമായി ആരെങ്കിലും രക്ഷപ്പെട്ടിട്ടുണ്ടെങ്കിലാണ് അൽഭുതം. കൊടുംവളവു എന്നു പറഞ്ഞിട്ടുള്ള ആ വളവിൽ അത്രയും കൊടും ആക്കേണ്ട കാര്യമില്ല. ആ വളവിൽകൂടി ഇന്നും ബസ്സുകൾ പോയിക്കൊണ്ടിരിക്കുന്നുണ്ട്. ഞാൻ അതിന്റെ വൈഡവറെ കണ്ടു സംസാരിച്ചു. അയാൾക്ക് ഇപ്പോഴും ബോധമുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുന്നു. ഇത്രയുമധികം ആളുകൾ കയറിയതിന്റെ ഫലമായി എയർ ഇല്ലാതായി എന്നാണ് അയാൾ പറഞ്ഞത്. അതിന്റെ ഫലമായിട്ടാണ് ബ്രേക്ക് പിടിച്ചിട്ടു നിൽക്കാതെ വന്നത്. ഇതിനുമുമ്പും ആ ഭാഗത്ത് രണ്ടു മാസത്തിനുമുമ്പ് ഒരു ജീപ്പ് ഈ വണ്ടി ഇടിച്ചതിന്റെ തൊട്ടു നിൽക്കുന്ന തെങ്ങിലിടിച്ച് ഒരാൾ മരിച്ചു. ആ വളവ് ഇല്ലാതാക്കാനും റോഡിന് വീതി കൂട്ടാനുമുള്ള വർക്കാണ് പണ്ടേതന്നെ ചെയ്യാമായിരുന്നു. പക്ഷേ ഈ ബസ്സിൽ 223 പേർക്ക് ടിക്കറ്റ് കൊടുത്തിട്ടുണ്ട്. 270 പേരോളം ഉണ്ടെന്നും ടിക്കറ്റ് കിട്ടാത്ത പലരുമുണ്ടെന്നും ആശുപത്രിയിൽ കിടക്കുന്ന ബസ്സിലുണ്ടായിരുന്ന ആളുകൾതന്നെ പറഞ്ഞു. ഇത്രയും ആളുകളെ കയറിയ ഒരു ബസ്സ് ഇത്തരത്തിലായതിൽ അൽഭുതപ്പെടേണ്ട കാര്യമില്ല. ആ ബസ്സിന്റെ കിടപ്പു കണ്ടാൽ അതിലെ ആരെങ്കിലും രക്ഷപ്പെട്ടിട്ടുണ്ടോ എന്നുപോലും വിശ്വസിക്കാൻ നിവൃത്തിയില്ല. കീഴോട്ടു വളരെ ആഴത്തിലേക്ക് പോയിട്ടുള്ള സ്ഥലത്ത് ബസ് മറിഞ്ഞ് മരിച്ചാൽ അൽഭുതപ്പെടേണ്ട കാര്യമില്ല. ഇത് ഇടിച്ച് അവിടെ നിൽക്കുകയാണ്. ബസ്സിനു വലിയ കേടു പറ്റിയിട്ടുണ്ട്. വീർപ്പുമുട്ടിയും തമ്മിലിടിച്ചുമാണ് ആളുകൾ മരിച്ചത്. ഗീത എന്നു ഒരു പെൺകുട്ടി അവിടെ കിടക്കുന്നുണ്ട്: ആ പെൺകുട്ടിയുടെ നെഞ്ചത്തുകൂടി ആളുകൾ ചവിട്ടിയും തലപൊക്കാൻ നിവൃത്തിയില്ലാത്തതിന്റെ ഫലമായും വയറെല്ലാം കീറിക്കിടക്കുകയാണ്. അനവധി ആളുകൾ വീർപ്പുമുട്ടിയും തമ്മിലിടിച്ചുമാണ് മരിച്ചത്. അതുകൊണ്ട് ബസ്സിന്റെ കാര്യത്തിൽ അനാസ്ഥയുണ്ട്. അതിനെക്കാൾ കൂടുതൽ അനാസ്ഥ ബഹുമാനപ്പെട്ട മന്ത്രിയുടെവകുപ്പിലുണ്ട്. പത്തനംതിട്ടയിൽ നിന്നും അവിടേക്ക് ഈ സമയത്ത് ഓടേണ്ട ട്രാൻസ്പോർട്ട് ബസ് ഓടിയില്ല. ഞാൻ പത്തനംതിട്ട ബസ്സ്റ്റാന്റിൽ ചെന്ന് എ. ടി. ഒ. യോട് അന്വേഷിച്ചപ്പോൾ സംഗതി ശരിയാണെന്നു പറഞ്ഞു.

ആ ബസ്സിൽ യാത്ര ചെയ്യുമ്പോൾ മരിച്ച ആളുകളിൽ അധികവും അദ്ധ്യാപകരും കുട്ടികളുമാണ്. ആ അദ്ധ്യാപകൻമാർ പറഞ്ഞു, കുട്ടികളെ കയറ്റുന്ന ബസ്സായതുകൊണ്ട് ട്രാൻസ്പോർട്ട് ബസ്സിൽ മാത്രമേ കയറാറുള്ളു. പക്ഷേ നിർഭാഗ്യത്തിന് ട്രാൻസ്പോർട്ട് ബസ് ഓടിയില്ല. നിർഭാഗ്യത്തിന് ഓടിയില്ല എന്നു പറഞ്ഞാൽ സാധാരണ സംഭവമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയും. കാരണം എന്റെ ബസ്സ് അങ്ങനെ ഓടാറില്ല. ഏതായാലും ഓടാത്ത ആ ബസ്സിൽ കയറേണ്ട ആളുകൾ കൂടി ഇതിൽ കയറി. ഒന്നാംതരം കുട്ടികളാണ് മരിച്ചത്. ഒരു കാരണവർ മരിച്ച ഒരു കുട്ടിയുടെ തന്ത, എന്നോടു പറഞ്ഞു ചോരയും നീരുമുള്ള ഞങ്ങളുടെ നാട്ടിലെ ആളുകളെല്ലാം അടിഞ്ഞുപോയി എന്ന്. ബഹുമാനപ്പെട്ട കരുണാകരനൊക്കെ ചെന്നിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയും ചെന്നിരുന്നു. ശ്രീ. ടി. എസ്. ജോണുമൊക്കെ ചെന്നിരുന്നു. പഠിച്ചു പാസ്സായി മിടുക്കൻമാരായി ഒന്നാംക്ലാസോടുകൂടി പാസ്സായിട്ടുള്ള കുട്ടികളെ ഹാൾടിക്കറ്റെടുക്കുന്നതിനു വേണ്ടി പോയിട്ടുള്ള സകല

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികളും മരിച്ചു. ഒരു വീട്ടിൽതന്നെ മൂന്ന് അദ്ധ്യാപകർ മരിച്ചു. നാലാമത്തെ അദ്ധ്യാപകൻ മരണപ്രായമായി കിടക്കുന്നു. അതുപോലെ തന്നെ അച്ഛനും അമ്മയും മരിച്ച എട്ടാം ക്ലാസ്സിലും അഞ്ചാം ക്ലാസ്സിലും പഠിക്കുന്ന രണ്ടു കുട്ടികളും. അമ്മ മരിച്ച് അച്ഛൻ മരിക്കാറായി കിടക്കുകയാണ്, ഗോപാലൻ സാർ. ഇങ്ങനെ ധാരാളമുണ്ട്.

സർ, ഈ സംഭവത്തിനു ഇടയായ സംഗതിയെ സംബന്ധിച്ച് ഗൗരവപൂർണമായി ആലോചിക്കുക മാത്രമല്ല അടിയന്തിരമായി രണ്ടുമൂന്നു ട്രാൻസ്പോർട്ട് ബസ്സുകളും തന്നെ അവിടെ കൊടുക്കണം. ഒരു ദേവീക്ഷേത്രം ആ ഭാഗത്തുണ്ട്. ധാരാളം ആളുകളും പോകുന്ന സ്ഥലമാണ്. അവിടെ പോയിവന്നിട്ടുള്ള ആരാധകൻമാരും ഉണ്ടായിരുന്നു. അതുകൊണ്ട് അടിയന്തിരമായി അവിടത്തേക്കു രണ്ടുമൂന്നു ബസ്സുകളും കൊടുക്കണം. റോഡു വീതികൂട്ടുകയും വളവില്ലാതാക്കുകയും വേണം. അതിനു നടപടി എടുക്കുന്നതു കൂടാതെ ഇന്നു കൊടുക്കുന്ന രണ്ടായിരം ഉറുപ്പിക എന്നൊക്കെ പറഞ്ഞാൽ ഒന്നുമില്ല. അവിടെ ഒരു വീട്ടിൽ ഞാൻ പോയി. ഒരു കുറുപ്പിന്റെ വീട്ടിൽ. മൂന്നു പെൺകുട്ടികളും ഉണ്ട്. യാതൊരു ആശ്രയവുമില്ല. അയാളും മരിച്ചുപോയി. അതുപോലെ ഗോപാലനും അയാളുടെ ഭാര്യയും മരിച്ചുകഴിഞ്ഞാൽ രണ്ടു കൊച്ചുകുട്ടികളും മാത്രമാണ് ആ വീട്ടിലുള്ളത്. ഇങ്ങനെ സർവ്വസ്വവും നഷ്ടപ്പെട്ട് ജീവിക്കാൻ നിവർത്തിയില്ലാത്തവരാണ് മരിച്ച വീട്ടിലെങ്കിൽ—ബഹുമാനപ്പെട്ട മന്ത്രിതന്നെ ശരിയാണെന്നു സമ്മതിച്ചതുപോലെ ഇപ്പോഴും ആശുപത്രിയിൽ കിടക്കുന്ന ആളുകളും അഞ്ചെട്ട് ഒടിവോടുകൂടി ഇനി ജീവിച്ചാലും നിവർത്തിയില്ലാത്ത ആളുകളാണ്. ഇതിനേക്കാൾ കൂടുതൽ നല്ല സംഖ്യ അവർക്കുവേണ്ടി ചെലവുചെയ്യുന്നതിനു കൊടുക്കാൻ ഗവൺമെന്റ് അടിയന്തിര നടപടികളും എടുക്കണം. പിന്നെ 500 രൂപ ആശുപത്രിയിൽ കിടക്കുന്ന ആളുകൾക്കുകൊടുക്കുന്നതു അടിയന്തിരമായി വർദ്ധിപ്പിച്ചുകൊണ്ട് ആകാര്യത്തെ സംബന്ധിച്ച് ഉത്തരവാദിത്വത്തോടുകൂടിയുള്ള ഒരന്വേഷണം നടത്താനുള്ള സംവിധാനം ഉണ്ടാക്കണം. ഇതെല്ലാംതന്നെ സർക്കാരിന്റെ എർപ്പാടുകളാണ് ഇപ്പോഴും അവർക്ക് പൈസ കിട്ടിയിട്ടില്ല. സർക്കാർ എർപ്പാടുകളില്ലാത്ത അടിയന്തിര നടപടി എടുക്കണമെന്നാണ് എനിക്കു പറയാനുള്ളത്. അതുകൊണ്ടാണ് ഈ കാര്യം ചർച്ചചെയ്യണമെന്നു പറയുന്നത്. അങ്ങേക്ക് നിയമപരമായി ബുദ്ധിമുട്ടുണ്ടെങ്കിലും ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞു ഈ കാര്യത്തെപ്പറ്റി ചർച്ചചെയ്തു ഇനിയെങ്കിലും കുഴപ്പം ഒഴിവാക്കാൻ ശ്രമിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. കെ. കരുണാകരൻ: സർ, ഇതൊരു സാധാരണ അടിയന്തിര പ്രമേയമായി കണക്കാക്കാതെ ഈ സംഭവത്തിന്റെ ഗൗരവം കണക്കിലെടുക്കണം. മിക്ക ദിവസങ്ങളിലും ഇവിടെ റോഡ് ആക്സിഡന്റ് ഉണ്ടാകുന്നുണ്ട്. ഈ സംഭവത്തിൽതന്നെ ശങ്കരനാരായണൻ കമ്മീഷനെ വച്ചിട്ടുണ്ടെന്നുപറഞ്ഞു. ഞാൻ അന്വേഷിച്ചപ്പോൾ മി. ശങ്കരനാരായണന്റെ വിദഗ്ധമായ ഒരു റിപ്പോർട്ട് ഈ സർക്കാരിന്റെ കൈവശം തന്നെ ഉണ്ടെന്നാണ്. ആ റിപ്പോർട്ടിലെ പല ശുപാർശകളും ഭാഗികമായി നടപ്പിലാക്കിയിരുന്നെങ്കിൽ ഇത്തരം ആപത്തുകൾ ഒഴിവാക്കാൻ സാധിക്കുമായിരുന്നു. ഗവൺമെന്റിനെ വിമർശിക്കുന്ന രീതിയിൽ പറയുകയല്ല. ഈ കാര്യത്തിൽ അടിയന്തിരമായി ചർച്ച വേണമെന്നു പറഞ്ഞതിനു ഒരു ചെറിയ ഉദാഹരണം പറയാം. എത്രാണ് ഒരുലക്ഷത്തിമുപ്പത്തയ്യായിരം വാഹനങ്ങൾ എന്നാണ് പറയുന്നത്. എല്ലാംകൂടി അന്വേഷിക്കാൻ എൺപത് ഉദ്യോഗസ്ഥൻമാരാണ് ഉള്ളതു, ഈ ഡിപ്പാർട്ടുമെന്റിൽ ആയിരം വാഹനങ്ങൾക്ക് ഒരാളെ

LIBRARY ARCHIVES Kerala Legislative Assembly

യെങ്കിലും തരണമെന്നുപറഞ്ഞ് എഴുതി അയച്ചിട്ട് ധനകാര്യവകുപ്പ് തിരിച്ചയച്ചു എന്നാണ് പറയുന്നത്. ഇങ്ങനെയുള്ള വളരെയധികം കാര്യങ്ങളും ഈ കാര്യത്തിൽ വന്നിട്ടുണ്ട്. ആ അപകട സ്ഥലം ചെന്നു കണ്ടു കഴിഞ്ഞാൽ ഈ രാജ്യത്ത് ഒരു, സാധാരണ രാഷ്ട്രീയമായി പറയുന്നതല്ല, ഭരണമുണ്ടെന്ന് തോന്നാത്ത രീതിയിൽ ജനങ്ങളുടെ ഇടയിൽ ഭീതിയുണ്ട്. ഗവൺമെന്റ് ഈ കാര്യത്തിൽ വളരെയധികം ശ്രദ്ധിച്ചിട്ടുണ്ടെന്നുള്ളതിലൊന്നും അർത്ഥമില്ല. മറ്റ് കാര്യങ്ങളിൽ, അപകടങ്ങളും ഒഴിവാക്കുന്ന കാര്യത്തിൽ ശ്രദ്ധിച്ചിട്ടില്ലെന്നുള്ളത് നിർഭാഗ്യകരമാണ്. സർ, ഈ അപകടം സംഭവിച്ചബസ്സിനകത്ത് നീളത്തിലുള്ള എല്ലാണ് കിടക്കുന്നത് അപകടം സംഭവിച്ച് അഞ്ചടി താഴെ കിടക്കുന്ന ബസ്സിനുള്ളിൽ നീളത്തിലുള്ള എല്ലിനിക്ഷേപണം എങ്ങനെവരും. ഇതാണ് സംഗതി. പത്തിരുന്നൂറിൽ പരം ആളുകളെ ഒരു ബസ്സിൽ സഞ്ചരിച്ചാൽ സർക്കാരിന്റെ ബസ് ഓടാത്തതിന്റെ പേരിൽ സഞ്ചരിച്ചാൽ അപകടം വരാതിരിക്കുമോ? സർ, ചിലതിന് മുൻഗണന കൊടുക്കേണ്ടതുണ്ട്. അങ്ങനെ മുൻഗണന കൊടുത്തിരുന്നെങ്കിൽ ഇത്ര ദാരുണമായ സംഭവം ഉണ്ടാകുമായിരുന്നില്ല. ഈ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്താൽ എല്ലാ ഭാഗത്തുനിന്നും ഇതു സംബന്ധിച്ചുള്ള, ദാരുണമായ ഈ സംഭവം ഇനി ആവർത്തിക്കാതിരിക്കാനുള്ള കാര്യങ്ങളെപ്പറ്റി പറയാൻ കഴിയും. അന്നുതന്നെ വേറെയും ഒരപകടം ഉണ്ടായിട്ടുണ്ട്. ഇത്രയും മരണം ഇല്ലാത്തതുകൊണ്ട് ആളുകൾ ശ്രദ്ധിച്ചില്ല എന്നുമാത്രമേയുള്ളു. ദിവസവും ഇങ്ങനെ അപകടങ്ങൾ സംഭവിക്കുന്ന സാഹചര്യത്തിൽ ഇത് ചർച്ചചെയ്തത് പരിഹാരം ഉണ്ടാക്കേണ്ടതാണ്. ഗവൺമെന്റ്, പ്രതിപക്ഷം എന്നെടുക്കാതെ കൂട്ടായി ഇരുന്ന് ചർച്ച ചെയ്യുന്നതിനുവേണ്ടി ഒരു ചർച്ച അനുവദിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

ഡോ: ജോർജ്ജ് മത്തായ്: സർ, ഈ സംഭവം നടക്കുന്നത് എന്റെ നിയോജക മണ്ഡലത്തിൽവച്ചാണ്. ഈ സംഭവത്തിനാസ്പദമായ കാര്യങ്ങളും ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞതുപോലെ പ്രതിപക്ഷം ഭരണകക്ഷി എന്നുള്ള ചർച്ചയ്ക്ക് വിധേയമാക്കാതെ ഇതിനെ സംബന്ധിച്ചിടത്തോളം വസ്തുനിഷ്ഠമായ ഒരന്വേഷണത്തിനും ഗവൺമെന്റെടുത്ത നടപടിയെ സ്വാഗതം ചെയ്യുകയാണ്. പക്ഷേ ഒരു കാര്യമുണ്ട്. ഞാൻ ഇപ്പോഴും അതിന്റെ വിശദാംശങ്ങളിലേക്കൊന്നും കടക്കുന്നില്ല. 25 പേർ ആദ്യം ദാരുണമായി മരിച്ചു. അത് കഴിഞ്ഞത് 36 ആയി. ഇനിയും പത്ത് പേർ അപകടനിലയിൽ കിടക്കുകയാണ്. നൂറുകണക്കിന് ആശ്രിതർ ബന്ധപ്പെട്ടവർ, പല കഷ്ടപ്പാടിലും ദുരിതങ്ങളിലും കിടക്കുകയണ് അവരെ സംബന്ധിച്ചിടത്തോളം ഇന്നു കിട്ടിയിട്ടുള്ള ദുരിതാശ്വാസ നടപടികളും വളരെ അപര്യാപ്തമാണ്, യാതൊരു സംശയവുമില്ല. വെള്ളപ്പൊക്കത്തിൽ മരിച്ചാൽ മൂവായിരം രൂപ കൊടുക്കാൻ നിയമമുണ്ട്. ദാരുണമായ ഈ മരണമുണ്ടായിട്ട് എന്തുകൊണ്ട് അതിന് രണ്ടായിരം രൂപയായി ഒതുക്കിനിറുത്തുന്നു? എന്തുകൊണ്ട് മൂവായിരമാക്കിക്കൂടാ? അതുപോലെതന്നെ രണ്ടുകൈയ്യും രണ്ട് കാലും എല്ലാം ഒടിഞ്ഞുപോയ ആളുകളുടെ വീടുകളിൽ ദുഃഖം തളംകെട്ടി നിൽക്കുകയാണ്. അവർക്ക് 500 രൂപ ആശ്വാസം കൊടുത്തതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ആ നിലയിൽ കാര്യങ്ങൾ കൈകാര്യംചെയ്യാൻ ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് ഞാൻ പറയുകയാണ്. അതുപോലെ താലൂക്ക് ആശുപത്രിയുടെ ശോച്യാവസ്ഥ. അവിടെ ഒരു ബ്ലഡ് ബാങ്ക് ഉണ്ടായിരുന്നെങ്കിൽ, എനിക്ക് യാതൊരു സംശയവുമില്ല, ഒരു പത്താളുകളുടെ ജീവനെങ്കിലും രക്ഷിക്കാമായിരുന്നു. അവിടത്തെ താലൂക്കാശുപത്രിയുടെ ശോച്യാവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

പലപ്പോഴും ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അവിടത്തെ എക്സ്റേ കേടായിട്ട് ആറ് മാസമായി എക്സ്റേ ഉണ്ടായിരുന്നെങ്കിൽ 20 പേരെയെങ്കിലും മെഡിക്കൽ കോളേജിലേക്ക് വിടാതിരിക്കാമായിരുന്നു. ഇത് ഡോക്ടർമാരുടെ അഭിപ്രായമാണ്. ഇക്കാര്യങ്ങളും കൂടി ശ്രദ്ധിച്ചിരുന്നെങ്കിൽ ഇത്രവിലപ്പെട്ട ജീവൻ നഷ്ടപ്പെടുകയില്ലായിരുന്നു.

ഒരു കാര്യം കൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടെ പോലീസ് അനുഷ്ഠിച്ച സേവനം വളരെ വിലപ്പെട്ടതാണ്. കാക്കിയിട്ട ആൾക്കാർ രക്തം കൊടുത്തതും കെ. എസ്. ആർ. ടി. സി. യിലെ ആളുകളും മറ്റും ചെയ്ത സേവനവും വിലപ്പെട്ടതാണ്, അത് ഞാൻ ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കുകയാണ്. പത്തിരുപത് മിനിട്ടിനകം ഇവരെയെല്ലാം ആശുപത്രിയിലേക്കും, മെഡിക്കൽ കോളേജിലേക്കും കൊണ്ടുചെന്ന് എത്തിക്കുവാൻ സാധിച്ചു എന്നുപറയുമ്പോൾ അവരുടെ സേവനത്തെപ്പറ്റി മറച്ചുവെയ്ക്കാൻ സാദ്ധ്യമല്ല. പക്ഷേ ഇന്നത്തെ പോരായ്മകളും മനസിലാക്കിക്കൊണ്ട് അത്യാവശ്യമായ കുറേക്കൂടി ദുരിതാശ്വാസനടപടികളും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): സർ, അനേകമാളുകളും മരിക്കുകയും അതിനേക്കാളും കൂടുതൽ ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്ത ഈ ദാരുണസംഭവത്തെ സംബന്ധിച്ച് ഇരുഭാഗത്തുനിന്നും ചർച്ചചെയ്ത വികാരങ്ങളും പതറിക്കാതിരിക്കുന്നതാണ് ഭേദമെന്നാണ് എന്റെ വിശ്വാസം. ഇതിന്റെ കാരണമെന്താണെന്ന് വിശദമായ അന്വേഷണം നടത്താനാണ് ഒരു കമ്മീഷനെ വച്ചിട്ടുള്ളത്. ഈ സംഭവത്തിന്റെ അടിസ്ഥാനത്തിൽ ധാരാളം അപാകതകളും ചൂണ്ടിക്കാണിക്കുവാൻ പല ആളുകളും പലസന്ദർഭങ്ങളും ഉപയോഗിക്കും. നമ്മുടെനാട്ടിൽ ബസ്സുകളും കൂടുവാണ്. അതൊരു പുതിയ സംഭവമല്ല. അതിനെപ്പറ്റി ആലോചിക്കണം. റോഡിന്റെ ശോചനീയാവസ്ഥ മാറണമെന്നുള്ളത് ശരിയായ വസ്തുതയാണ്. അതിനെപ്പറ്റി എടുക്കാവുന്ന നടപടികളെടുത്തുകൊണ്ടിരിക്കുകയാണ്. ഇതുപോലെയുള്ള പ്രത്യേക സ്ഥലങ്ങളിൽ എന്താണ് വളരെവേഗം ചെയ്യേണ്ടതെന്നുവെച്ചാൽ അതും ചെയ്യാം. വളരെ പെട്ടെന്ന് ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്തിരിക്കെ, ഇനി എന്തു ചെയ്യണമെന്ന് അന്വേഷിക്കുവാൻ ഏർപ്പാടുകളും ചെയ്തിരിക്കേ ഇതിനെപ്പറ്റി കൂടുതൽ ചർച്ചചെയ്യേണ്ട ആവശ്യമില്ല എന്ന് ഞാൻ വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട മെമ്പറൻമാരുടെ അറിവിലേക്ക് ആവശ്യമായ വിവരങ്ങളും കൊടുത്തു. എല്ലാ അന്വേഷണങ്ങളും എല്ലാ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ദിവസവും മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോയി വിവരം ഞാൻ തന്നെ നേരിട്ട് അന്വേഷിച്ചുകൊണ്ടിരുന്നു. ഇന്നെഴിച്ച് ബാക്കിയെല്ലാ ദിവസങ്ങളിലും പോയി അന്വേഷിച്ചുകൊണ്ടിരുന്നു. ഇന്ന് വൈകിട്ടും പോയി അന്വേഷിക്കുവാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. ഉള്ള സംവിധാനത്തിൽ പരിപൂർണ്ണമായി ചെയ്യാവുന്നതെല്ലാം ചെയ്തിട്ടുണ്ടെന്ന് ഗവൺമെന്റ് വിശ്വസിക്കുന്നു. അതുകൊണ്ട് ഇതൊരു ചർച്ചയ്ക്ക് വിധേയമാക്കേണ്ടതില്ലെന്ന് ഒരിക്കൽക്കൂടി പറയുന്നു.

മി. സ്പീക്കർ: നമ്മെയെല്ലാം അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പിച്ച

അത്യന്തം ദാരുണവും അസഹ്യവുമായ ഈ സംഭവത്തെ സംബന്ധിച്ചുള്ള വിവരണം നാം കേട്ടുകഴിഞ്ഞു. ഇത്രയും ഭീകരമായ ഒരപകടം സമീപകാലത്ത് നമ്മുടെ നാട്ടിലുണ്ടായിട്ടില്ല. മരണവുമായി മല്ലിട്ട് ആശുപത്രിയിൽ കിടക്കുന്നവർക്ക് അടിയന്തിരമായ വൈദ്യസഹായം നൽകുകയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഉടനടി ചെയ്യേണ്ടതു്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ സത്വരവും ഫലപ്രദവുമായ നടപടികൾ കൈക്കൊള്ളേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ ഗവൺമെൻറിന്റെ അടിയന്തിര ശ്രദ്ധ പതിയുമെന്നു് ഞാൻ വിശ്വസിക്കുന്നു. മന്ത്രിയുടെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഈ അടിയന്തിരപ്രമേയത്തിനു് ഞാൻ അനുമതി നൽകുന്നില്ല. ദാരുണമായ ഈ അപകടത്തിൽപ്പെട്ടു് മരണമടഞ്ഞവരുടെ സന്തപ്ത കുടുംബങ്ങളോടു് ഈ സഭയ്ക്കുള്ള അഗാധമായ ദുഃഖം രേഖപ്പെടുത്താനും അനുശോചനം അറിയിക്കുവാനും ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ആശുപത്രികളിൽ ചികിൽസയിൽ കഴിയുന്നവർ ഏറെവും വേഗം സുഖം പ്രാപിക്കാൻ ഹൃദയംഗമമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ശ്രീ. കെ. കരുണാകരൻ: ഇക്കാര്യത്തിൽ അങ്ങയുടെ റൂളിംഗ് അംഗീകരിച്ചുകൊണ്ടുതന്നെ ഞാൻ ആവശ്യപ്പെടുന്നു ഈ പ്രശ്നത്തെ സംബന്ധിച്ച ചർച്ച ഗവൺമെൻറ് അനുവദിക്കേണ്ടതാണെന്നു്. ഗവൺമെൻറ് ഇങ്ങനെയൊരു നിലപാടു് സ്വീകരിച്ചിട്ടുള്ളതു് ശരിയല്ല. ഈ ഒരു സംഭവം മാത്രമല്ല. റോഡ് ആക്സിഡൻറിനെ സംബന്ധിച്ച റിപ്പോർട്ടു് ഗവൺമെൻറിന്റെ കൈയിലുണ്ടു്. ഒരു ചർച്ചയ്ക്കു് തയ്യാറാകണമെന്നുപറഞ്ഞാൽ അതിനു് തയ്യാറാകാതെ ഗവൺമെൻറ് നിസ്സഹകരണമായ സമീപനം സ്വീകരിച്ചിട്ടുള്ളതിൽ ഞങ്ങൾക്കു് കുണ്ഠിതമുണ്ടു്. ഗവൺമെൻറിന്റെ ഈ നടപടിയിൽ ഞങ്ങൾക്കുള്ള പ്രതിഷേധം രേഖപ്പെടുത്താൻവേണ്ടി സഭാനടപടികൾ അൽപ നേരത്തേക്കു് ഞങ്ങൾ ബഹിഷ്കരിക്കുന്നു.

(ശ്രീ. കെ. കരുണാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ടവരും സഭയിൽനിന്നും പുറത്തുപോയി.)

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഗവൺമെൻറിന്റെ മറുപടി ഇക്കാര്യത്തിൽ എന്തെല്ലാം ചെയ്തിട്ടുണ്ടെന്നാണു്. സംഖ്യ കൂട്ടണമെന്നുള്ളതു് ഭരണകക്ഷിയുടെ ഭാഗത്തുനിന്നു പറഞ്ഞിട്ടുപോലും അതിനെ സംബന്ധിച്ചു് ആദ്യത്തെ മറുപടിയിൽനിന്നും വ്യത്യസ്തമായി ഒന്നും സ്വീകരിക്കേണ്ട കാര്യമില്ല, ഈ സന്ദർഭം ഉപയോഗിച്ചുകൊണ്ടു് ചിലർ അപാകതകൾ ചൂണ്ടിക്കാണിക്കാൻ ശ്രമിക്കും എന്നെല്ലാം പറയുകയാണു് ഗവൺമെൻറ് ചെയ്തതു്. ഇപ്പോൾ നടന്നകാര്യം മാത്രമല്ല, ഈ ആപത്തു് ഇനി ഉണ്ടാകാതിരിക്കുവാൻവേണ്ടി എല്ലാ ഭാഗത്തുനിന്നുമുള്ള മെമ്പറൻമാരുടെ അഭിപ്രായങ്ങൾ കേട്ടുകൊണ്ടു് സർക്കാരിനു് എന്തെങ്കിലും നടപടി സ്വീകരിക്കുവാനുള്ള സൗകര്യം കിട്ടണമെന്നുള്ളതാണു് ചർച്ച അനുവദിക്കണമെന്നു് ഞാൻ പറഞ്ഞതുകൊണ്ടു് ഉദ്ദേശിക്കുന്നതു്. ഗവൺമെൻറിന്റെ നിഷേധാത്മകമായ ഈ നയത്തിൽ പ്രതിഷേധിച്ചു് ഞാനും എന്റെ പാർട്ടിയും അല്പനേരത്തേക്കു് ഈ സഭാ നടപടികളിൽനിന്നും മാറിനിൽക്കുന്നു.

(ശ്രീ. ടി. കെ. രാമകൃഷ്ണനും അദ്ദേഹത്തിന്റെ പാർട്ടിയിൽ പെട്ടവരും സഭയിൽനിന്നും പുറത്തുപോയി.)

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ജീവകാരുണ്യപരമായ ഇക്കാര്യത്തിൽ ഗവൺമെൻറ് സ്വീകരിച്ച സാങ്കേതികമായ നിലപാടിൽ പ്രതിഷേധിക്കുകയും ഇതു് സംസ്ഥാനത്തെ സംബന്ധിച്ചു് പ്രധാനപ്പെട്ട ഒരു കാര്യമാണെന്നുള്ളതുകൊണ്ടു് ചർച്ച അനുവദിക്കാത്ത ഗവൺമെൻറ് നയത്തിൽ പ്രതിഷേധിക്കുകയും ചെയ്തുകൊണ്ടു് ഞാനും എന്റെ പാർട്ടിയും തൽക്കാലം സഭ വിടുന്നു.

(ശ്രീ. കെ. പി. ശങ്കരൻകുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ടവരും സഭ വിട്ടു് പുറത്തുപോയി.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഭാസ്കരൻ നായർ: ഈ അടിയന്തിര പ്രമേയത്തിന് ചർച്ച അനുവദിക്കാത്തതിന്റെ വെളിച്ചത്തിൽ ഞാനും എന്റെ പാർട്ടിയും ഇതിൽ പങ്കുകൊള്ളാൻ ആഗ്രഹിക്കുന്നില്ല.

(ശ്രീ. ഭാസ്കരൻ നായർ സഭയിൽനിന്നു പുറത്തുപോയി)

ശ്രീ. കെ. പി. രാമൻ: ഇത്രയും ഗുരുതരമായ കാര്യം സഭയിൽ ചർച്ചയ്ക്ക് തയ്യാറാകാത്ത സ്ഥിതിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുന്നു.

(ശ്രീ. കെ. പി. രാമൻ സഭയിൽനിന്നും പുറത്തുപോയി.)

ശ്രീ. എസ്. തങ്കപ്പൻപിള്ള: ഇക്കാര്യത്തിൽ ഗവൺമെന്റ് ആവർത്തിച്ചിട്ടുള്ള നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും സഭയിൽനിന്നും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. തങ്കപ്പൻപിള്ളയും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ടവരും സഭയിൽനിന്നും പുറത്തുപോയി.)

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഏതായാലും ഇക്കാര്യത്തിൽ ഗവൺമെന്റ് സത്വരമായ നടപടി കൈക്കൊള്ളണം. ഇത് ഒന്നിലധികം പ്രാവശ്യം ഈ അസംബ്ളിയിൽത്തന്നെ വന്നുകഴിഞ്ഞു. ഇക്കാര്യത്തിൽ നിയമങ്ങൾ കർക്കശമാക്കുകയും കർശനമായി നടപ്പിലാക്കുകയും ചെയ്യണം. വിട്ടുവീഴ്ചയില്ലാത്ത മനോഭാവത്തോടുകൂടി ഗവൺമെന്റ് പ്രവർത്തിച്ചെങ്കിൽ മാത്രമേ ശരിയാകുകയുള്ളു. ഇന്നുള്ള മിക്ക ബസ്സുകളുടേയും സ്ഥിതി നമുക്കറിയാം. ഞാൻ അതിലേക്ക് പ്രവേശിക്കുന്നില്ല. ഏതായാലും ഗവൺമെന്റ് ഇക്കാര്യം വളരെ കർശനമായി എടുത്തുകൊണ്ട് ഇങ്ങനെയൊരു സംഭവം ഈ സംസ്ഥാനത്ത് ഇനി ഉണ്ടാകാതിരിക്കത്തക്കവണ്ണം കർശനമായ നടപടി കൈക്കൊള്ളണം. അതിന് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റും ഹോം ഡിപ്പാർട്ടുമെന്റും എല്ലാം പരിശ്രമിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): റോഡ് ഗതാഗതം സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും കർശനമാക്കാൻ ഗതാഗതവകുപ്പും ഹോം ഡിപ്പാർട്ടുമെന്റും എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതൊന്നുകൂടി കർശനമാക്കാനുള്ള എല്ലാ സജ്ജീകരണങ്ങളും ചെയ്യാൻ യാതൊരു മടിയുമില്ല. എല്ലാ പാർട്ടികളുടേയും സഹകരണം ഞങ്ങൾക്കാവശ്യമുണ്ട്.

മി. സ്പീക്കർ: എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണം അതിനുണ്ടാകും എന്തുകൊണ്ട് ഉണ്ടാകുകയില്ലെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

ശ്രീ. കെ നാരായണക്കുറുപ്പ്: കർശനമായി നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ ചില ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുമെന്നുള്ള അടിസ്ഥാനത്തിൽ പറഞ്ഞിട്ടുള്ളതാണ്. ആ ബുദ്ധിമുട്ടുകൾ കണക്കാക്കാതെപോലും കർശനമായി നടപടികൾ കൊണ്ടുവരാൻ ഈ രണ്ട് ഡിപ്പാർട്ടുമെന്റുകളും വളരെ പെട്ടെന്ന് നടപടികളെടുക്കുമെന്ന് ഞാൻ ഉറപ്പുതരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly